**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *506** | **23.03.2018- ൽ മറുപടിക്ക്**

**വ്യാപാര-വ്യവസായ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. മുകേഷ്<br>,, പി.കെ. ശശി<br>,, ബി.സത്യൻ<br>,, കെ. ദാസൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) തൊഴിലാളി-തൊഴിലുടമ ബന്ധം ചൂഷണാധിഷ്ഠിതമല്ലാതാക്കിത്തീർക്കുന്നതിന് വ്യാപാര-വ്യവസായ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) ഉണ്ട്. ആദ്യഘട്ടം എന്ന നിലയിൽ ടെക്സ്റ്റൈൽ ഷോപ്പുകൾ, ഹോസ്പിറ്റലുകൾ, കൺസ്ട്രക്ഷൻ മേഖല, ഹോട്ടലുകൾ-റസ്റ്റോറന്റുകൾ, സ്റ്റാർ ഹോട്ടലുകൾ, ജ്യൂവലറികൾ, ഐ.ടി സ്ഥാപനങ്ങൾ, സെക്യൂരിറ്റി എന്നീ മേഖലകളിലാണ് ഗ്രേഡിംഗ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) ഗ്രേഡിംഗ് എല്ലാ സ്ഥാപനങ്ങൾക്കും നിർബന്ധമാണോ അതോ ഐച്ഛികമാണോ; ഗ്രേഡിംഗ് നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (ബി) ഗ്രേഡിംഗ് എല്ലാ സ്ഥാപനങ്ങൾക്കും നിർബന്ധമല്ല. 20-ൽ കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് സ്വമേധയാ ഗ്രേഡിംഗിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഗ്രേഡിംഗ് നിർണ്ണയിക്കുന്നതിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.<br><br>1. മികച്ച തൊഴിൽ ദാതാവ്<br>2. സംതൃപ്തകരമായ തൊഴിലാളികൾ<br>3.സ്ഥാപനത്തിലെ മികവുറ്റ തൊഴിൽ അന്തരീക്ഷം<br>4. തൊഴിൽ നൈപുണ്യ വികസനത്തിന് സ്ഥാപനത്തിന്റെ പങ്കാളിത്തം<br>5. സ്ത്രീ സൗഹൃദ അന്തരീഷം<br>6 തൊഴിലാളികൾക്ക് നൽകുന്ന സൗകര്യങ്ങൾ<br>7. തൊഴിലിടങ്ങളിലെ സുരക്ഷ |

| | |
|---|---|
| (സി) ഗാർഹിക തൊഴിലാളികൾ, സെക്യൂരിറ്റി ജീവനക്കാർ തുടങ്ങി വളരെ കുറവ് വേതനം ലഭിക്കുന്ന തൊഴിലാളികളെ തൊഴിൽ നൽകുന്ന ഏജൻസികൾ സാമ്പത്തികമായി ചൂഷണം ചെയ്യുന്നതായും പരാതിപ്പെടാൻ പോലും പറ്റാത്ത സാഹചര്യം സൃഷ്ടിച്ചിരിക്കുന്നതായുമുള്ള ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് പരിശോധനാ വിധേയമാക്കുമോ; വ്യക്തമാക്കാമോ? | (സി) സെക്യൂരിറ്റി ജീവനക്കാർക്ക് തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥാപന പരിശോധനകൾ നടത്തി തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്താറുണ്ട്. കൂടാതെ ജില്ലാ തലത്തിൽ സ്ക്വാഡ് പരിശോധനകളും സ്പെഷ്യൽ പരിശോധനകളും നടത്തിവരുന്നു. ഇത്തരത്തിൽ 2017-ൽ സംസ്ഥാനത്തെ സെക്യൂരിറ്റി മേഖലയിൽ സ്പെഷ്യൽ പരിശോധന നടത്തുകയും 9 പ്രോസിക്യൂഷനുകളും 2 ക്ലെയിം പെറ്റീഷനുകളും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ